QP CODE: 21100705

21100705

Reg No : ..................

Name : ..................

# B.A/B.Sc DEGREE (CBCS)EXAMINATION, MARCH 2021

## Third Semester

## Common Course - ML3CCT04 - `മലയാളം - ദൃശ്യകലാ സാഹിത്യം (2018 ADMISSION ONWARDS)

(Common for all Model I B.A/B.Sc Programmes)

2018 Admission Onwards

4938D2C2

Time: 3 Hours Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. ഏ .ആർ രാജരാജവർമ്മ എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തുക ?
2. വൃക്ഷങ്ങൾ നനച്ചിട്ട് ശകുന്തള തളർന്നിരിക്കുന്നതായി ദുഷ്യന്തൻ വിവരിക്കുന്നതെപ്രകാരമാണ് ?
3. "ആറ്റുവഞ്ചി , കൂനന്റെ മട്ടുകാട്ടുന്നതെന്തുകൊണ്ടാണ് ? തന്റെ സാമർഥ്യം കൊണ്ടോ ?നദീ വേഗം കൊണ്ടോ?" ഈ ചോദ്യത്തിന്റെ പ്രസക്തിയെന്ത് ?
4. "അപ്രകാരമുള്ള മഹാനുഭാവന്മാർക്ക് പ്രകൃതി ഗുണം ഇല്ലാതിരിക്കയില്ല " - ആരെക്കുറിച്ചാണ് ഇങ്ങനെ അഭിപ്രായപ്പെടുന്നത് ? വിശദീകരിക്കുക .
5. "മതിമുഖീമണിതന്റെ മദിമോദം വളർത്തുവാൻ അതിവീരനിവൻ ഭീമൻ അതിവേഗം ഗമിക്കുന്നു " - വിശദീകരിക്കുക.
6. "ദിക്കുകളെല്ലാം ജയിച്ചുള്ള ഭീമന്റെ വിക്രമമിപ്പോൾ ഫലിക്കാത്തതെന്തഹോ"- ഇങ്ങനെ സംശയിക്കാൻ കാരണമെന്ത് ?
7. ഉദ്യാനത്തിലെത്തിയപ്പോൾ കൊട്ടാരത്തിലിരിക്കുക തന്നെയായിരുന്നു നല്ലതെന്ന് ദമയന്തി കരുതുന്നതെന്തുകൊണ്ട്. ?
8. "ബന്ധനം ചെയ്യേണ്ട നീ മാം, ബന്ധുവത്രേ തവ ഞാൻ" . ആര് ?ആരുടെ ?- വിശദമാക്കുക.
9. "ഹാംലെറ്റിൽ പ്രേതമുണ്ട്. ഇബ്സന് ഡസൻ കണക്കിന് പ്രേതങ്ങളുണ്ട്. അങ്ങനെ എല്ലായിടത്തും. നമുക്കു മാത്രം ഒരു പ്രേതമില്ല". - വിശദീകരിക്കുക.

10. 'പഥേർപാഞ്ചാലി' ഇന്ത്യൻ സിനിമയിലെ ഒരു നാഴികക്കല്ലാണ് എന്ന് പറയുന്നത് എന്തുകൊണ്ട് ?

11. വടക്കൻ പാട്ട് പ്രമേയമാക്കിയ മലയാളസിനിമകളെ പരിചയപ്പെടുത്തുക.

12. ഏദൻ എന്ന സിനിമയെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

13. കണ്വാശ്രമപരിസരത്തെത്തുന്ന ദുഷ്യന്തൻ 'ആരും പറയാതെ ഇത് ആശ്രമമാണെന്ന് മനസ്സിലാകും' എന്നു പറയുന്നതെന്തുകൊണ്ട്.

14. ശകുന്തളയുടെ ശരീരത്തെ പ്രണയം എപ്രകാരമാണ് ബാധിച്ചത്.

15. നാടകത്തിൽ രംഗത്ത് പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും ശാകുന്തളത്തിലെ പ്രധാന കഥാപാത്രമാണ് ദുർവ്വാസാവ്- പരിശോധിക്കുക.

16. "തന്നുടെ മുന്നിലിട്ടന്യനാം പുരുഷൻ
തന്നുടെ പെണ്ണിന്റെ വസ്ത്രം തൊടുന്നേര-
മൊന്നു മനങ്ങാതെ നിൽക്കയോ വേണ്ടത്."- വിശദീകരിക്കുക.

17. കേരളത്തിന്റെ തനതായ ക്ലാസിക്കൽ കലയാണ് കഥകളി-കുറിപ്പെഴുതുക

18. മരണത്തെ കോമഡിയായാണ് നാടകം നോക്കിക്കാണുന്നത്- പരിശോധിക്കുക.

19. വധശിക്ഷയെക്കുറിച്ചുള്ള ക്രൈം നാടകത്തിലെ ചിന്തകൾ ക്രോഡീകരിക്കുക.

20. കേരളത്തിലെ ചരിത്രസിനിമകളിൽനിന്നും പഴശ്ശിരാജായ്ക്ക് അടിസ്ഥാനപരമായ ചില വ്യത്യാസങ്ങൾ ഉണ്ടെന്ന് പറയുന്നതെന്തുകൊണ്ട് ?

21. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കടന്നുവരവ് മലയാളസിനിമയെ എപ്രകാരമാണ് മാറ്റിത്തീർത്തത്.?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.

22. 'ലോകപരിചയമില്ലാതെ കാട്ടിൽ കഴിയുന്ന ഒരു പെൺകുട്ടിയെ ഒരു നാഗരികൻ മനപ്പൂർവ്വം പ്രണയക്കെണിയിൽപ്പെടുത്തുന്നതിന്റെ ചിത്രംകൂടി ശാകുന്തളത്തിലുണ്ട്'.- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ- എന്തുകൊണ്ട് ? വിശദീകരിക്കുക.

23. കാളിദാസനെ മികച്ചൊരു നാടകകാരനാക്കിയത് അഭിജ്ഞാനശാകുന്തളവും, ശാകുന്തളത്തിന്റെ മികവ് അതിന്റെ നാലാം അങ്കവുമാണ്- ഈ അഭിപ്രായത്തെ നിങ്ങൾ എങ്ങനെ കാണുന്നു. ഉപന്യസിക്കുക.

24. ആട്ടക്കഥാസാഹിത്യത്തിൽ നളചരിതത്തിന്റെ സ്ഥാനമെന്ത്? പ്രബന്ധം തയ്യാറാക്കുക.

25. നാടകത്തെത്തന്നെ പൊളിച്ചെഴുതുന്ന ഒരു പ്രതിനാടകമാണ് 1128-ൽ ക്രൈം 27- ഉപന്യാസം തയ്യാറാക്കുക.

(2×15=30)